(15) വാളാട്-കുഞ്ഞോം എം.എൽ.എ. റോഡിന്റെ പണി

ശ്രീമതി രാധാരാഘവൻ : സർ, വടക്കേ വയനാട്ടിൽ തവിഞ്ഞാൽ പഞ്ചായത്തിൽ വാളാട്-കുഞ്ഞോം എം.എൽ.എ. റോഡിന്റെ പണി 1.00 P.M.] 1992-ൽ ആരംഭിച്ചുവെങ്കിലും നാളിതുവരെയും പൂർത്തികരിച്ചിട്ടില്ല. തവിഞ്ഞാൽ പഞ്ചായത്തിനേയും തൊണ്ടർനാട് പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന എം.എൽ.എ റോഡാണിത്. മഴക്കാലത്ത് ഈ റോഡിൽ കൂടിയുള്ള സഞ്ചാരം ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടാണ്. വാളാട് ഗവൺമെന്റ് ഹൈസ്ക്കൂളിൽ പഠിക്കുന്ന കുട്ടികൾക്കും, മാനന്തവാടി ജില്ലാ ആശുപത്രിയിലേയ്ക്കു രോഗികളെ കൊണ്ടുപോകുന്നവർക്കുമുള്ള ബുദ്ധിമുട്ട് പറഞ്ഞറിയിക്കാൻ പറ്റാത്ത വിധമാണ്. ഈ റോഡിന്റെ പണി പൂർത്തീകരിക്കാത്തതിന്റെ കാരണം കരാറുകാരനും പൊതുമരാമത്ത് ഉദ്യോഗസ്ഥന്മാരുമായി ഒരു കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നതിലാണ്. ഈ റോഡിന്റെ പണി പൂർത്തീകരിക്കുവാനും കേസ് പിൻവലിക്കുവാനും പുതിയ കരാറുകാരനെ ഏല്പിക്കുവാനും സർക്കാർ മുൻകൈയെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

മി. സ്പീക്കർ : ഇതിന്റെ മറുപടിക്കുള്ള ഫയൽ എടുക്കാൻ പോയിരിക്കുകയാണ്. മറുപടി പറയും

V റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 34-ാമത് റിപ്പോർട്ട്

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 34-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI ധനകാര്യം

1999-2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥയുടെ പേരിൽ 4,84,43,000 രൂപയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,28,17,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,15,000 രൂപയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 87,59,000 രൂപയുടെയും ഉപധനാഭ്യാർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,65,000 രൂപയുടെയും ട്രെഷറികളും അക്കൗണ്ടുകളും എന്ന X -ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,37,79,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): ജില്ലാഭരണവും പലവകയും എന്ന XI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,35,55,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,60,06,000 രൂപയുടേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,60,00,000 രൂപയുടെയും സാമൂഹ്യവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : പൊതുമരാമത്ത് എന്ന XV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 64,76,07,000 രൂപയുടെയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII -ാം നമ്പർ ധനഭ്യാർത്ഥനയുടെ പേരിൽ 18,90,000 രൂപയുടെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യാർത്ഥയുടെ പേരിൽ 1,53,58,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,76,66,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികപിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീകെ. രാധാകൃഷ്ണൻ) : സർ, നഗരവികസനം എന്ന XXII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,87,47,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ആയിരം രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,10, 93,000 രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,43,89,000 രൂപയുടെയും ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവയുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,50,38,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, സഹകരണം എന്ന XXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,85,75,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,15,59,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,04,29,000 രൂപയുടെയും മൃഗസംരക്ഷണം എന്ന XXXI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,46,43,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,49,42,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, വനം എന്ന XXXIV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,08,88,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വ്യവസായവകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, പ്രമേയങ്ങളെ ഞാൻ പിന്താങ്ങുന്നു.

ക്രമപ്രശ്നം

ഹർത്താൽ ദിവസം എസ്.എസ്.എൽ.സി. പരീക്ഷ നടത്തിയത് സംബന്ധിച്ച്

ശ്രീ. പി. പി. തങ്കച്ചൻ : . രണ്ടു മൂന്ന് ദിവസങ്ങൾക്ക് മുമ്പ് എസ്.എസ്. എൽ.സി. പരീക്ഷയുടെ കാര്യത്തിൽ പരീക്ഷ മാറ്റിവച്ചതിനെക്കുറിച്ച് ഇവിടെ ചർച്ച വന്നു. പരീക്ഷ എഴുതാൻ സാധിക്കാത്തവരുടെ ഡീറ്റയിൽസ് അന്ന് വൈകുന്നേരം തരാമെന്ന് പറഞ്ഞു. പിറ്റേ ദിവസം തരാമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കറും പറഞ്ഞു. ഇന്നലെ നിയമസഭയിൽ കൊണ്ടുവരുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly